
# ബിഷപ്പ് കാർലോസ് ലവീഞ്ഞ്

## കോട്ടയം അതിരൂപതയ്ക്ക് വഴികാട്ടി



കോട്ടയം രൂപതയുടെ ചരിത്രത്തിന്റെ ആരംഭ ഘട്ടത്തിലേക്ക് നോക്കുമ്പോൾ നമ്മുടെ മുന്നിൽ തെളിഞ്ഞു വരുന്ന മഹത് വ്യക്തി ചാൾസ് ലവീഞ്ഞ് മെത്രാന്റേതാവും. തൃശൂർ, കോട്ടയം വികാരിയാത്തുകൾ പരിശുദ്ധ സിംഹാസനം മാർത്തോമ്മ ക്രിസ്ത്യാനികൾക്കായി സ്ഥാപിച്ചപ്പോൾ കോട്ടയം വികാരിയാത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയായി നിയമിതനായത് പുണ്യശ്ലോകനായ ഡോ. ചാൾസ് ലവീഞ്ഞ് മെത്രാൻ ആയിരുന്നു. നാട്ടുമെത്രാന്മാരുടെ ഭരണത്തിനും തെക്കുംഭാഗർക്കു മാത്രമായി രൂപതയുണ്ടാകുന്നതിനും വഴിയൊരുക്കിയ മഹാരഥനെന്ന നിലയിൽ ലവീഞ്ഞ് മെത്രാനച്ചനെ കൃതജ്ഞതാപൂർവ്വം ഓർമ്മിക്കുന്നു.

1840 ജനുവരി 6-ാം തീയതി ഫ്രാൻസിലെ മറുവജോൾസിൽ ജനിച്ച അദ്ദേഹം 1864 ഡിസംബർ 17-ന് പൗരോഹിത്യം സ്വീകരിച്ചു. 1866 ഡിസംബറിൽ ഈശോ സഭാംഗമായി വ്രതവാഗ്ദാനം നടത്തി. ഈശോസഭാ ജനറലിന്റെ സെക്രട്ടറിയായി റോമിൽ സേവനം ചെയ്ത അദ്ദേഹത്തെ 1887 നവംബർ 13-ാം തീയതി മെത്രാൻ സ്ഥാനം നൽകി കോട്ടയം വികാരിയാത്തിന്റെ ചുമതല ഏൽപിച്ചു. വികാരിയാത്തിനെ സ്വയംപര്യാപ്തയിൽ എത്തിച്ച് സ്വദേശ മെത്രാന്മാർക്ക് ഏൽപിച്ചുക്കൊടുക്കണം എന്ന ലക്ഷ്യത്തോടെയാണ് അദ്ദേഹം അജപാലന പദ്ധതികൾ ആവിഷ്കരിച്ചത്.

കോട്ടയം വികാരിയാത്തിന്റെ കീഴിൽ മുഖ്യമായും അംഗസംഖ്യയിൽ മുന്നിട്ടു നിൽക്കുന്ന വടക്കുംഭാഗസമുദായവും പാരമ്പര്യങ്ങളിലും തനിമയിലും ഒരുമയിലും മുമ്പിട്ടു നിൽക്കുന്ന തെക്കുംഭാഗസമുദായവും ഉൾച്ചേർന്നതാണ്. ഈ രണ്ടു സമുദായവും അദ്ദേഹം പ്രിയപ്പെട്ടതായി കരുതി. അവരുടെ സർവതോന്മുഖമായ വളർച്ചയ്ക്കാവശ്യമായ അജപാലനപദ്ധതികൾ നടപ്പാക്കി. ക്നാനായക്കാരുടെ തനിമയെയും പാരമ്പര്യത്തെയും വ്യക്തിപരമായി സ്നേഹിച്ച അദ്ദേഹം ആ സമുദായാംഗമായ മാക്കീൽ മത്തായിയച്ചനെ വികാരി ജനറാളായി നിയമിച്ചു. ക്നാനായ സമുദായാംഗങ്ങളുടെ എല്ലാവിധ ശുശ്രൂഷകളും മെത്രാനടുത്ത അധികാരത്തോടെയും പദവികളോടെയും പരികർമ്മം ചെയ്യുന്നതിനുള്ള വിശേഷാൽ അധികാരവും മാക്കീൽ മത്തായിയച്ചന് നൽകുകയുണ്ടായി. തെക്കുംഭാഗസമുദായക്കാരുടെ വിദ്യാഭ്യാസ ഉന്നതിയ്ക്കായി ബ്രഹ്മമംഗലത്ത് ഒരു സ്കൂൾ സ്ഥാപിച്ചു. കോട്ടയം രൂപതയിൽ വിസിറ്റേഷൻ സന്ന്യാസിനി സമൂഹത്തിന്റെ സ്ഥാപനത്തിന് മുന്നോടിയായി വി. മർഗരീത്ത മറിയത്തിന്റെ നാമത്തിൽ പുതിയൊരു സന്ന്യാസ സമൂഹത്തിനും തുടക്കമിട്ടു.

തെക്കുംഭാഗസമുദായത്തിന്റെ തനിമയിലും ഒരുമയിലും വിശ്വാസനിറവിലുള്ള വളർച്ച കേരളത്തിലെ സീറോ മലബാർ സഭയ്ക്ക് ഒരു മുതൽക്കൂട്ടാവുമെന്ന് വിശ്വസിച്ച ഒരു ദീർഘദർശിയായിരുന്നു ബിഷപ്പ് ലവീഞ്ഞ്. അതുകൊണ്ടായിരിക്കണം തന്റെ വിശ്വസ്തനും പുണ്യചരിതനുമായ മാക്കീൽ ബ. മത്തായിയച്ചനെ ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്ക ആയി നിയമിക്കുവാൻ പരിശുദ്ധ സിംഹസാനത്തോട് അപേക്ഷിച്ചത്. താൻ റോമിൽ സന്ദർശനത്തിലായിരിക്കുമ്പോളാണ് മാക്കീൽ മത്തായിയച്ചനെ ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്ക ആയി നിയമിച്ചത്. തന്റെ ദൗത്യം പൂർത്തീകരിച്ച് പിൻഗാമിയെ ഏൽപിച്ചശേഷം യാതൊരു ആദരവും അഭിനന്ദനങ്ങളും ഏറ്റു വാങ്ങാതെ തന്റെ പുതിയ മിഷൻ സ്ഥലമായ ശ്രീലങ്കയിലെ പുതുതായി രൂപപ്പെട്ട ട്രിങ്കമാലി രൂപതയിലെ മെത്രാനായി അദ്ദേഹം പോവുകയാണുണ്ടായത്.

1912 നവംബർ 13-ാം തീയതി ലവിഞ്ഞ് മെത്രാന്റെ അഭിഷേക രജത ജൂബിലി ആഘോഷിച്ചു. അതിനുശേഷം മാർപാപ്പായെയും ബന്ധുമിത്രാദികളെയും സന്ദർശിക്കുന്നതിന് യൂറോപ്പിലേക്ക് യാത്ര ചെയ്ത അദ്ദേഹം 1913 ജൂലൈ 11-ാം


തീയതി സ്വദേശത്തുവച്ച് ഇഹലോകവാസം വെടിഞ്ഞ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

തന്റെ കത്തീഡ്രൽ പള്ളിയായിരുന്ന കോട്ടയം ഇടയ്ക്കാട്ട് പള്ളിയിൽ കാർലോസ് പിതാവിന്റെ സ്മാരകശില സ്ഥാപിച്ചിട്ടുണ്ട്. വിസിറ്റേഷൻ സഭയുടെ ഇടയ്ക്കാട്ടു ഭവനവും, തിരുഹൃദയക്കുന്നിനടുത്ത് വല്ലംബ്രോസൻ ബനഡിക്ടൈൻ സഭയുടെ മൈനർ സെമിനാരിയും കാർലോസ് ലവീഞ്ഞ് മെത്രാന്റെ നാമം വഹിക്കുന്ന സ്ഥാപനങ്ങളാണ്.

സഭയുടെ വളർച്ചയും ഉന്നതിയുമാണ് തന്റെ വ്യക്തിപരമായ സ്ഥാനത്തെക്കാളും ബഹുമതിയെക്കാളും മഹത്തരം എന്ന് കരുതിയ വിനീതനായ അജപാലകനായിരുന്നു ചാൾസ് ലവീഞ്ഞ് തിരുമേനി. മൈനോറിറ്റി വിഭാഗങ്ങൾ അവഗണിക്കപ്പെടരുതെന്ന് 1947-ൽ ഇന്ത്യൻ ഭരണഘടനാ ശില്പികൾ വിഭാവന ചെയ്യുന്നതിന് ഏറെ വർഷങ്ങൾക്കുമുമ്പുതന്നെ തെക്കുംഭാഗരുടെ തനിമയും കൂട്ടായ്മയും പാരസ്പര്യങ്ങളും അംഗീകരിച്ച ക്രാന്തദർശിയായിരുന്നു ലവീഞ്ഞ് മെത്രാനച്ചൻ. "ചെറിയ അജസമൂഹമേ ഭയപ്പെടേണ്ട" എന്ന ദൈവവചനം തെക്കുംഭാഗസമുദായത്തിന്റെ ആത്മാവിലേക്ക് സന്നിവേശിപ്പിക്കുവാൻ ലവീഞ്ഞ് മെത്രാനും കഴിഞ്ഞു. മാത്രമല്ല വടക്കുംഭാഗസമുദായ ഭൂരിപക്ഷമുള്ള ചങ്ങനാശ്ശേരി വികാരിയാത്തിന്റെ മെത്രാനായി തെക്കുംഭാഗക്കാരനായ മാക്കീൽ മത്തായിയച്ചനെ നാമനിർദ്ദേശം ചെയ്യാനുള്ള ധീരതയും ആർജ്ജവവും അദ്ദേഹത്തിനുണ്ടായി. ക്നാനായ സമുദായത്തിന്റെ സഭാത്മകമായ മുന്നേറ്റത്തിന് തുടക്കം കുറിച്ച ഈ പുരോഹിതശ്രേഷ്ഠനോട് ഈ സമൂഹം ഏറെ കടപ്പെട്ടിരിക്കുന്നു.

**റവ. ഡോ. തോമസ് കോട്ടൂർ**

# ദൈവദാസൻ മാത്യു മാക്കീൽ
## കാലത്തിനു മുമ്പേ നടന്ന കർമ്മയോഗി



രക്ഷാകര സ്നേഹത്തിന്റെ താളുകൾ മറിക്കുമ്പോൾ ഓരോ കാലത്തിനും യോജിച്ച രീതിയിൽ ദൈവം തനിക്ക് ആവശ്യമുള്ളവരെ പ്രത്യേകം തെരഞ്ഞെടുക്കുകയും അവരെ ശക്തിപ്പെടുത്തുകയും അവർ വഴി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്യുന്നത് നമുക്കു കാണാം. ദൈവം എന്നെ സൃഷ്ടിച്ചിരിക്കുന്നത് ഒരു പ്രത്യേകം ദൗത്യം നിർവ്വഹിക്കുന്നതിനാണ് എന്ന ദൈവനിയോഗം തിരിച്ചറിഞ്ഞ കർമ്മയോഗിയത്രേ ദൈവദാസൻ മാത്യു മാക്കീൽ. ഏകദേശം ഒരു നൂറ്റാണ്ടിനുമുമ്പ് ഈ ലോകം വിട്ടുപോയ ഈ ദിവ്യപുരുഷന്റെ ഓർമ്മ ഇന്നും ജനഹൃദയങ്ങളിൽ ഒളിമങ്ങാതെ നിൽക്കുന്നു.

അസാധാരണമായ കുടുംബമഹിമയുടെ ഭദ്രതയും അഗാധമായ ഭാഷാനൈപുണ്യവും ഉണ്ടായിരുന്ന മഹത് വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന മത്തായിക്കുഞ്ഞ്, എളിമ നിറഞ്ഞതും മാതൃകാപരവുമായ ഒരു ജീവിതം നയിച്ച മാഞ്ഞൂർ മാക്കീൽ പുത്തൻപുരയിൽ തൊമ്മൻ അന്ന ദമ്പതികളുടെ തൃതീയ പുത്രനായി 1851 മാർച്ച് 27-ന് ഭൂജാതനായി. വിശുദ്ധിയും ആത്മീയതയും വിളഞ്ഞ വളക്കൂറുള്ള മണ്ണായിരുന്നു തന്റെ കുടുംബം. ദൈവഭയത്തിലും ആഴമേറിയ വിശ്വാസത്തിലുമാണ് അദ്ദേഹം ചെറുപ്പം മുതലേ വളർന്നുവന്നത്. പഠനത്തിൽ വളരെ സമർത്ഥനായിരുന്ന അദ്ദേഹം പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം 1865-ൽ മാന്നാനം കൊവേന്ത സെമിനാരിയിൽ ചേർന്ന് സുറിയാനി പഠനം ആരംഭിക്കുകയും 1866-ൽ വരാപ്പുഴ പള്ളി സെമിനാരിയിൽ വൈദികപഠനം തുടരുകയും ചെയ്തു. 1874 മെയ് 30-ന് അഭിവന്ദ്യ ലെയ്നാർദ് മെല്ലാനോ മെത്രാപ്പോലീത്തായുടെ കൈവയ്പു വഴി അദ്ദേഹം പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. ജൂൺ 8-ന് വരാപ്പുഴ മാനംപാടി പള്ളിയിൽ പ്രഥമബലി അർപ്പിച്ചു. തുടർന്ന് സെമിനാരി പ്രൊഫസർ, ഇടവകവികാരി എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചുവരവേ, 1886-ൽ വരാപ്പുഴ അതിരൂപതാ സഹായമെത്രാൻ മാർ മർസലിനോസ് ബറാർദിയുടെ സെക്രട്ടറിയായി

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ